**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ വിരമിച്ച ശ്രീ. കെ.എ. ബാലകൃഷ്ണൻ, മുൻ ഹെഡ് ക്ലാർക്കായ വിരമിച്ച ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2154/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 22/09/2009 ലെ ഡി6-25607/09 നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 17/02/2011 ലെ ഡി6-25607/09 നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 24/02/2011 ലെ ഡി6-25607/09 നമ്പർ ഉത്തരവ്.
4. സ.ഉ.(സാധാ) നം. 938/2011/തസ്വഭവ. തീയതി 31/03/2011.
5. എൻക്വയറി കമ്മീഷൻ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 31.01.2022 ലെ CC 100/2016 കേസിന്മേലുള്ള വിധിന്യായം.
6. ശ്രീ. രാധാകൃഷ്ണൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത CRL APPL No.1/2022 in CLR A.243/2022 നമ്പർ അപ്പീലിന്മേൽ ബഹു. കോടതിയുടെ 04.02.2022-ലെ വിധിന്യായം.
7. ശ്രീ. ബാലകൃഷ്ണൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത CRL APPL No.1/2022 in CLR A.169/20222 നമ്പർ അപ്പീലിന്മേൽ ബഹു. കോടതിയുടെ 11.02.2022-ലെ വിധിന്യായം.
8. പഞ്ചായത്ത് ഡയറക്ടറുടെ ഡയറക്ടറുടെ 20/04/2022 ലെ PAN/4034/2020-D11(DP) നമ്പർ കത്ത്.
9. 05/01/2023 ലെ ഇപിബി3/38/2022/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
10. ശ്രീ. കെ.എ. ബാലകൃഷ്ണൻ 05/03/2024 ൽ സമർപ്പിച്ച മറുപടി.

11. ശ്രീ. കെ. രാധാകൃഷ്ണൻ തീയതി രേഖപ്പെടുത്താതെ സമർപ്പിച്ച മറുപടി.

12. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/03/2025 ലെ LSGD/PD/7637/2023-VIGE1 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എ ബാലകൃഷ്ണൻ, ഹെഡ് ക്ലർക്കായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരെ, ശ്രീമതി അന്നമ്മ ജോയി എന്നയാളിൽ നിന്നും കൈക്കൂലി വാങ്ങിയതിന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അധികൃതർ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തതിനെ തുടർന്ന് ടി ജീവനക്കാരെ 18/09/2009 തീയതി പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും വിജിലൻസ് കേസുമായി ബന്ധപ്പെട്ട് തുടർന്നുവന്നിരുന്ന അന്വേഷണം പൂർത്തിയായിട്ടുള്ളതിനാൽ ടിയാളുകളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന അപേക്ഷ പരിഗണിച്ച് പരാമർശം (2), (3) പ്രകാരം ടിയാളുകളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയുമുണ്ടായി .

2) പരാമർശ വിജിലൻസ് കേസിൽ അന്വേഷണം നടന്നു വരവേ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ശ്രീമതി അന്നമ്മ ജോയിയുടെ ആട് വളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് സീനിയർ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടിയാളുകൾക്കെതിരെ സർക്കാർ തലത്തിൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിയ്ക്കുകയും ശ്രീ.രാധാകൃഷ്ണനെ കുറ്റവിമുക്തനാക്കിയും, ശ്രീ.കെ.എ.ബാലകൃഷ്ണന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞും അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. ബാലകൃഷ്ണൻ സർവ്വീസിൽ നിന്നും 30/03/2011 ൽ വിരമിച്ചതിനാൽ ടി ഉത്തരവ് പ്രകാരമുള്ള തുക ടിയാന്റെ DCRG - യിൽ നിന്നും ഈടാക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) മേൽ ജീവനക്കാർക്കെതിരെ രജിസ്റ്റർ ചെയ്തിരുന്ന VC3/09/WYD (സി.സി 100/2016) നമ്പരായ കേസിന്മേലുള്ള ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി-യുടെ പരാമർശം (5) ലെ അന്തിമ വിധിയിൽ ഇരുവർക്കുമെതിരെ പിഴയും കഠിനതടവും ശിക്ഷ വിധിച്ചിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ ശ്രീ.കെ.എ ബാലകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർ ബഹു ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും 50,000/- രൂപയുടെ ബോണ്ടിന്റേയും രണ്ട് ആൾജാമ്യത്തിലും ഇരുവർക്കും കോടതി ജാമ്യം അനുവദിച്ചിട്ടുണ്ടെന്നും താത്ക്കാലിക പെൻഷൻ മാത്രമാണ് ഇരുവർക്കും അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (8) പ്രകാരം അറിയിച്ചിരുന്നു.

4) ശ്രീ. കെ.എ. ബാലകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർക്ക് ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി-യുടെ സി.സി 100/2016 നമ്പർ വിജിലൻസ് കേസിന്റെ 31.01.2022 തീയതിയിലെ വിധിന്യായപ്രകാരം കഠിനതടവും പിഴയും വിധിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ ശ്രീ. കെ.എ. ബാലകൃഷ്ണൻ, ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത അപ്പീലുകളിന്മേൽ ബഹു. കോടതി പരാമർശം 6, 7 എന്നിവ പ്രകാരം

ടിയാളുകളുടെ ശിക്ഷ സസ്പെൻ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇവരെ കുറ്റവിമുക്തരാക്കിക്കൊണ്ട് ബഹു. ഹൈക്കോടതി വിധിന്യായമൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ടിയാളുകൾക്കെതിരെയുള്ള കുറ്റാരോപണം നിലനിൽക്കുന്നതിനാൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ബാലകൃഷ്ണൻ, ശ്രീ. രാധാകൃഷ്ണൻ എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ ആജീവനാന്തം കുറയ്ക്കാൻ താൽക്കാലികമായി തീരുമാനിച്ച് KSR Part III Rule 59(c) അനുസരിച്ച് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാളുകകൾക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.

5) കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. എ. ബാലകൃഷ്ണൻ പരാമർശം (10) പ്രകാരവും ശ്രീ. കെ. രാധാകൃഷ്ണൻ പരാമർശം (11) പ്രകാരവും സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (12) പ്രകാരം ചുവടെ ചേർക്കും പ്രകാരം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

***<u>ശ്രീ. കെ.എ. ബാലകൃഷ്ണൻ (സെക്രട്ടറി)</u>***

*ശ്രീമതി.അന്നമ്മ ജോയിയുടെ ആട് വളർത്തൽ കേന്ദ്രത്തോട് അനുബന്ധിച്ച് നിർമ്മിച്ച കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചതിൽ ഉണ്ടായ ക്രമക്കേടുകളിൽ ഒരു വാർഷിക ഇൻക്രിമെൻ്റ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയതാണ്. എന്നാൽ ആയത് പുനഃസ്ഥാപിക്കുന്നതിനുള്ള സേവന കാലാവധി ടിയാന് ഇല്ലാതിരുന്നതിനാൽ പെൻഷന് സ്ഥിരമായി കുറവ് വന്നിട്ടുണ്ടെന്നും മറ്റൊരു വരുമാനമാർഗമില്ലാത്തതിനാൽ ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ പരിഗണനയിൽ ഉള്ളതിനാൽ അന്തിമ വിധി വരുന്നതുവരെ കാരണം കാണിക്കൽ നോട്ടിസിൽ പറയുന്ന കടുത്ത ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. കെ.എ. ബാലകൃഷ്ണൻ അറിയിച്ചിട്ടുണ്ട്.*

*ശ്രീ. കെ.എ.ബാലകൃഷ്ണൻ സമർപ്പിച്ച അപ്പിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ അന്തിമ വിധി വരുന്നതുവരെ 4/7/2022 ലെ സ.ഉ.(അച്ചടി) നം.82./2022 ധന ഉത്തരവിലെ ഖണ്ഡിക VIII X പ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ആജീവനാന്തം കുറവു ചെയ്യുന്നത് സംബന്ധിച്ച താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ അധികമായി യാതൊന്നും ടിയാൻ ഹിയറിങ്ങിൽ അഭ്യർത്ഥിച്ചിട്ടില്ല എന്നും മറ്റ് വാദങ്ങളൊന്നും ശ്രീ.കെ.എ.ബാലകൃഷ്ണൻ ഉന്നയിക്കാത്ത സാഹചര്യത്തിൽ നോട്ടിസ് പ്രകാരമുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണ്.*

***<u>കെ.രാധാകൃഷ്ണൻ (ഹെഡ് ക്ലാർക്ക്)</u>***

*ശ്രീമതി അന്നമ്മ ജോയിയുടെ ആട് വളർത്തൽ കേന്ദ്രത്തോട് അനുബന്ധിച്ച് നിർമ്മിച്ച കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചതിൽ ക്രമക്കേടുകൾ ഉണ്ടെന്നുള്ള ടൗൺ പ്ലാനിംഗ് വിഭാഗത്തിൻ്റെ റിപ്പോർട്ടിനെത്തുടർന്നാണ് അച്ചടക്കനടപടി ആരംഭിച്ചത് എന്നും ഇതിൽ ടിയാനെ കുറ്റ വിമുക്തനാക്കിയിട്ടുണ്ട് എന്നും 5/1/2023 ലെ കാരണം കാണിക്കൽ നോട്ടീസിനു മറുപടിയായി എഴുതി സമർപ്പിച്ചതിൽ അധികമായി ഒന്നും ബോധിപ്പിക്കാനില്ല എന്നും ബഹു. കോടതിയുടെ പരിഗണനയിലുള്ള അപ്പീലിൽ അന്തിമ വിധി വരുന്നതുവരെ, കാരണം കാണിക്കൽ നോട്ടീസിൽ പറയുന്ന കടുത്ത ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.കെ.രാധാകൃഷ്ണൻ അഭ്യർത്ഥിച്ചിട്ടുണ്ട്.*

*ടിയാൻ സമർപ്പിച്ച അപ്പിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ അന്തിമ*

*വിധി വരുന്നതുവരെ 4/7/2022 ലെ സ.ഉ.(അച്ചടി) നം.82/2022 ധന ഉത്തരവിലെ ഖണ്ഡിക VIII X പ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ആജീവനാന്തം കുറവു ചെയ്യുന്നത് സംബന്ധിച്ച താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ അധികമായി യാതൊന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടില്ല എന്നും മറ്റ് വാദങ്ങളൊന്നും ഉന്നയിക്കാത്ത സാഹചര്യത്തിൽ നോട്ടിസ് പ്രകാരമുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണ്.*

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി അന്നമ്മ ജോയി-ൽ നിന്നും കൈക്കൂലി വാങ്ങിയതിന് വിജിലൻസ് അറസ്റ്റ് ചെയ്ത് VC3/09/WYD നമ്പർകേസ് രജിസ്റ്റർ ചെയ്ത് കേസിൽ അന്വേഷണം നടന്നു വരവേയാണ് 18/09/2009 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് പരാമർശം (2), (3) പ്രകാരം ടിയാളുകകളെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തത്. എന്നാൽ ശ്രീമതി അന്നമ്മ ജോയിയുടെ തന്നെ ആട് വളർത്തൽ കേന്ദ്രത്തോടനുബന്ധിച്ച് നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് സീനിയർ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്ത വിഷയവുമായി ബന്ധപ്പെട്ട കേസിലാണ് സർക്കാർ തലത്തിൽ ടിയാളുകൾക്കെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചതും, പരാമർശം (4) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതും.

7. മേൽ സാഹചര്യത്തിൽ, ശ്രീമതി അന്നമ്മ ജോയി-ൽ നിന്നും കൈക്കൂലി വാങ്ങിയതിന് തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ. എ. ബാലകൃഷ്ണൻ, ഹെഡ് ക്ലർക്കായിരുന്ന ശ്രീ.കെ.രാധാകൃഷ്ണൻ എന്നിവർക്കെതിരെ ബഹു. വിജിലൻസ് കോടതി വിധിച്ച ശിക്ഷ, ടിയാളുകളുടെ അപ്പീലിന്മേൽ ബഹു. ഹൈക്കോടതി സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും ടിയാളുകളെ കുറ്റവിമുക്തരാക്കി നാളിതുവരെ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ടിയാളുകൾക്കെതിരെയുള്ള കുറ്റാരോപണം നിലനിൽക്കുന്നതായി നിരീക്ഷിച്ച്, സെക്രട്ടറിയായിരുന്ന ശ്രീ.കെ. എ. ബാലകൃഷ്ണൻ, ഹെഡ് ക്ലർക്കായിരുന്ന ശ്രീ.കെ.രാധാകൃഷ്ണൻ എന്നിവർക്കെതിരെ KSR Part III Rule 59(c) പ്രകാരം ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ ആജീവനാന്തം കുറവു വരുത്താനെടുത്ത കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, വയനാട്.
6. വിജിലൻസ് (ഡി) വകുപ്പ്.

7. ധനകാര്യ വകുപ്പ് *(16-12.2022-ലെ E-2279334-DEV-3/274/2022-Fin നമ്പർ ഫയൽ കുറിപ്പ് പ്രകാരം)*
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/38/2022/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 30-08-2025 17:23:29

സെക്ഷൻ ഓഫീസർ